# കാൽപ്പാടുകൾ (നോവൽ)

കാരൂർ സോമൻ



അധ്യായം: 8

## വഴിതിരയുന്നവർ

ആനിയുടെ മനസിൽ ഒരു കടലിരമ്പി. കൊടുങ്കാറ്റുലഞ്ഞു. കണ്ണിലെ ചുവപ്പുവെട്ടങ്ങളിൽ ഇരുളിന്റെ ചീള് ചിതറിത്തെറിച്ചു. ഭ്രമണപഥം മറന്ന് തന്റെ ഭൂമി അച്ചുതണ്ടിൽ ആടിയുലയുന്നത് അവളറിഞ്ഞു. മനസിലേക്ക് കാഴ്ചയുടെ ഒരു തീപ്പൊരി. മുറിയിൽ ചെന്നു കയറിയതും ആനി കട്ടിലിലേക്ക് വീണുപോയി. കരച്ചിലിന്റെയുറവപൊട്ടി. ലോകത്തൊരു സ്ത്രീയും കാണാൻ ആഗ്രഹിക്കാത്ത കാഴ്ചയാണ് കണ്ടത്. മനസ് തികട്ടുന്നു. ഇതൊക്കെ അനുഭവിക്കാൻ മാത്രം താൻ എന്തു തെറ്റാണ് ചെയ്തത്?

ആനി തലയിണയിൽ മുഖം പൂഴ്ത്തി കരഞ്ഞു.

തന്റെ ആഗ്രഹങ്ങൾക്ക് ജസ്റ്റിൻ ഇപ്പോൾ ഒരുവിലയും കൽപ്പിക്കാറില്ല. ആദ്യമൊക്കെ എന്തൊരു സ്നേഹമായിരുന്നു. ഇപ്പോൾ തിരിഞ്ഞുനോക്കാറുപോലുമില്ല . കുടിച്ചു കൂത്താടി ബഡ്റൂമിലേക്ക് വന്നുവീഴും. നാട്ടിൽനിന്ന് വരുമ്പോൾ എന്തു പ്രതീക്ഷകളായിരുന്നു. ഒരു പുലർകാല സ്വപ്നം പോലെ. വിവാഹത്തിന്റെ ആദ്യനാളുകളുടെ സൗന്ദര്യം വീണ്ടും ഏറ്റുവാങ്ങാനാണ് നാട്ടിൽനിന്നെത്തിയത്. ഭർത്താവിനെ ദൈവതുല്യനായി കാണണമെന്ന പഴയ ഉപദേശങ്ങളുടെ മാറ്റൊലിയായിരുന്നു ഹൃദയത്തിലൊക്കെയും. അതു പകർന്നു നൽകുകയും ചെയ്തു.

തിരിച്ചുകിട്ടിയ കാഴ്ച എന്തു ക്രൂരമായിരുന്നു. കിടപ്പറയിൽ ഭർത്താവ് മറ്റൊരു സ്ത്രീയോടൊപ്പം....

അവൾ മരുഭൂമിയിലെ മണൽക്കാറ്റിൽ ഒറ്റപ്പെട്ടവളെപ്പോലെ ഭയന്നു. തിരക്കേറിയ നിരത്തിൽ കാലിടറി വീണവളെപ്പോലെ നിസഹായയായി. ദീപത്തിന്റെ അവസാന തിരിയും പൊഴിഞ്ഞുപോയിരിക്കുന്നു. ജീവിതം നഷ്ടപ്പെട്ടവളെ പോലെ ആനി മതിയാവോളം കരഞ്ഞു.

പുറത്തു മഴ പെയ്യുന്നു. പരിഭവമില്ലാതെ നേർത്ത്  അതില്ലാതായി. ഹൃദയത്തിൽ ഒരു മരവിപ്പ് മാത്രം അവശേഷിച്ചു. ആനി കിടക്കയിൽ എണ്ണീറ്റിരുന്നു.

മുഖം ചുവന്നു. കൺപോളകൾ കരഞ്ഞുവീർത്തിരുന്നു. എരിഞ്ഞടങ്ങിയ ഒരു ചിതപോലെ ആനി വീണ്ടും കിടന്നു. എഴുന്നേറ്റിട്ട് എന്തു ചെയ്യാനാണ്. എല്ലാ കരുത്തും ചോർന്നു പോകുന്നതു പോലെ.

ജനാലയ്ക്കപ്പുറത്ത് ഒരു ചിരി. ആനി ജനാലയിലൂടെ പുറത്തേക്കു നോക്കി. ജസ്റ്റിന്റെ തോളിൽ കൈയിട്ട് ആ ഇംഗ്ലീഷുകാരി. അവളുടെ പേര് ആനി ഓർമിച്ചെടുത്തു ക്രിസ്റ്റി...

അവളുടെ ചുണ്ടിൽ എരിഞ്ഞമരുന്ന സിഗരറ്റ്. ശരീരത്തിന്റെ നിമ്നോന്നതങ്ങൾ മുഴുവൻ ഇളകിത്തുളുമ്പുന്ന നടപ്പ്. അവർ കാറിനടുത്തെത്തി. അവൾ തിരിഞ്ഞുനിന്നു. പാൽപോലെ വെളുത്ത ശരീരത്തിൽ തിളങ്ങുന്ന ഒരു നെക്‌ലെസ്. കാറിന്റെ ഡോർ തുറക്കുംമുമ്പ് ജസ്റ്റിൻ അവളുടെ അരക്കെട്ടിലൂടെ കൈയിട്ട് ചുണ്ടുകളെ നുണഞ്ഞ് ചുംബിച്ചു. ആനി മുഖം തിരിച്ചു. അവളുടെ ഹൃദയം പെരുമ്പറ മുഴക്കി. ജസ്റ്റിനോട് അവൾക്ക് കഠിനമായ വെറുപ്പ് തോന്നി. കിടപ്പറയിൽ തന്റെ സ്ഥാനത്തേക്ക് മറ്റൊരുവളെ തന്റെ മുമ്പിൽവച്ച്. താനൊരാളെ വിളിച്ചുകൊണ്ടുവന്ന് കിടപ്പറ പങ്കിട്ടാൽ ഈ പാശ്ചാത്യ സംസ്കാരത്തിൽ ജീവിക്കുന്ന ഭർത്താവ് സഹിക്കുമോ?

മകൻ മറ്റൊരുവളുമായി അഴിഞ്ഞാടുന്നതിൽ മമ്മിക്കും പരാതിയില്ല. ആശ്ചര്യവും അറപ്പുമാണ് ഇപ്പോൾ മനസിൽ തോന്നുന്നത്. ഇതൊക്കെയാണോ ഇവിടുത്തെ നാട്ടുനടപ്പുകൾ. സദാചാരം എന്നൊന്നും ഇവർക്കില്ലേ? സ്ത്രീയുടെ ചാരിത്ര്യത്തിനു വില കൽപ്പിക്കാത്തവർ.

ജസ്റ്റിൻ ചുണ്ടിലൊരു മൂളിപ്പാട്ടുമായി ഗോവണിപ്പടി കയറിവന്നു. അവിടെ നടന്നതൊക്കെ അറിഞ്ഞിട്ടെന്നപോലെ ജോസ് ജസ്റ്റിനെ പ്രതീക്ഷിച്ചു നിൽക്കുകയായിരുന്നു.

' ജസ്റ്റിൻ...'

ജോസ് ശബ്ദമുയർത്തി വിളിച്ചു.

ജസ്റ്റിൻ തലയുയർത്തി ജോസിനെ നോക്കി. പടികൾ കയറി ജോസിനു മുമ്പിൽവന്നുനിന്നു.

' നീ കാണിച്ചതൊട്ടും ശരിയായില്ല. ദിസ് ഈസ് ടൂ മച്ച്.'

ജസ്റ്റിൻ പുരികംചുളിച്ച് ജോസിനെ നോക്കി.

' വാട്ട്... വാട്ട് ഡു യു മീൻ പപ്പാ.'

' നൗ യു ആർ എ മാരിഡ് മേൻ. യു ഷുഡ് ഹാവ് ടു അണ്ടർസ്റ്റാൻഡ് ദാറ്റ്.'

ജോസ് ജസ്റ്റിനു നേരെ വിരൽചൂണ്ടി പറഞ്ഞു.

ക്രിസ്റ്റി വന്നതാണ് പപ്പാ ഉദ്ദേശിക്കുന്നതെന്ന് ജസ്റ്റിന് അറിയാമായിരുന്നു. മമ്മിക്കും പപ്പായ്ക്കും അതിഷ്ടപ്പെട്ടില്ലെന്നു അറിയാമായിരുന്നു. നേരത്തെ മമ്മിയുടെ മുഖം കണ്ടപ്പോഴേ അതു തോന്നിയതാണ്. തനിക്കൊപ്പം വന്നതുകൊണ്ട് മമ്മിക്കവളെ തടഞ്ഞുനിർത്താനും കഴിഞ്ഞില്ല. തടഞ്ഞുനിർത്തിയാൽ താൻ പ്രശ്നമുണ്ടാക്കുമെന്നു കരുതിയാവും. 18 വയസുകഴിഞ്ഞാൽ തനിക്കിഷ്ടമുള്ളതൊക്കെ ചെയ്യാം. ചോദ്യം ചെയ്യാൻ നിയമം അനുവദിക്കില്ല. ജസ്റ്റിൻ അവളെ വിവാഹം കഴിക്കാൻ താല്പര്യം പ്രകടിപ്പിച്ചതാണ്. അതിനെചൊല്ലി വലിയ പ്രശ്നങ്ങൾവരെയാണ് ഉണ്ടായത്. ജസ്റ്റിൻ അവളെ വിവാഹം കഴിക്കുമെന്നുപറഞ്ഞപ്പോൾ തന്റെ സ്വത്തുക്കളൊക്കെ അവനു തരില്ലെന്നു പറഞ്ഞാണ് ഗ്രേസി അതിനെ നേരിട്ടത്. വസ്ത്രം മാറുന്നതുപോലെ ഭാര്യ ഭർത്താവിനെയും

ഭർത്താവ് ഭാര്യയെയും മാറുന്ന നാട്ടിൽ മകന്റെ ഭാവി തകർന്നുപോകുമെന്ന ഭയത്തിലാണ് നാട്ടിൽനിന്നു ഒരു പെണ്ണിനെ മകന്റെ ഭാര്യയായി ഗ്രേസി കണ്ടെത്തിയത്. എങ്കിലും തന്റെ മകനോടൊപ്പം ചെറുപ്പംമുതൽ കളിച്ചുവളർന്ന ക്രിസ്റ്റിയുടെ മുഖത്തുനോക്കി ഇനിയിവിടെ വരരുതെന്നു പറയാൻ ഗ്രേസിക്കാവില്ലെന്ന് ജസ്റ്റിന് നന്നായറിയാം. ആ ധൈര്യത്തിലാണ് അവൻ അവളെയും കൂട്ടിക്കൊണ്ടുവന്നത്. പപ്പാ കാണുമെന്നു കരുതിയില്ല. നിശബ്ദതയ്ക്കു വിരാമമിട്ടുകൊണ്ട് ജസ്റ്റിൻ സംസാരിച്ചു.

'പപ്പാ... ആം എ മാരീഡ് മാൻ. സൊ വാട്ട്?'

'ഹോ, മൈ ബോയ് പ്ലീസ് ഡോൺട് ഷേർ യുവർ ബെഡ് വിത് അനദർ വുമൺ.'

'ഓ പപ്പാ പ്ലീസ് ട്രൈ ടു അണ്ടർസ്റ്റാൻഡ് ഷി ഈസ് മൈ ഗേൾ ഫ്രണ്ട്.' ജസ്റ്റിൻ തന്റെ ഭാഗം ന്യായീകരിക്കുന്നതു കണ്ടപ്പോൾ ജോസിനു ദേഷ്യം നുരഞ്ഞു പൊന്തി.

'ഇവിടെ കൊണ്ടുവന്നത് ശരിയായില്ല.' ജോസ് വെറുപ്പോടെ പറഞ്ഞു. കാറിന്റെ കീ ജസ്റ്റിൻ വിരൽത്തുമ്പിലിട്ടു കറക്കി അലക്ഷ്യനായി നിന്നു.

'സില്ലി ഡാഡ് ടേക് ഇറ്റ് ഈസി.'

'നിന്റെ വൈഫ് ഇവിടെയുള്ളപ്പോൾ നീ കാണിച്ചത് തെറ്റല്ലേ.' കീ കറക്കുന്നത് പിടിച്ചെടുത്തിട്ട് ജസ്റ്റിൻ പുച്ഛത്തോടെ പറഞ്ഞു.

'ഡാം വൈഫ് ഐ ഡോൺട് കേർ.'

'ഇതാ നിനക്ക് അനുസരണയില്ലെന്നു പറുന്നത്. നീകാണിക്കുന്നത് ശരി മറ്റുള്ളവർ പറയുന്നത് തെറ്റ് അല്ലേ... അടി കിട്ടി വളർന്നെങ്കിൽ...'

ജോസിന്റെ സ്വരമുയർന്നു. ശബ്ദം കേട്ട് ഗ്രേസി പുറത്തേക്കു വന്നു.

'പ്ലീസ് ജോസ്... സ്റ്റോപ് ഇറ്റ്. ഡോൺട് ഷൗട്ട് അറ്റ് ഹിം.'

ജസ്റ്റിനെ ആരും വഴക്കുപറയുന്നത് ഗ്രേസിക്ക് ഇഷ്ടപ്പെടില്ലെന്നു ജോസിന് അറിയാമായിരുന്നു. ഗ്രേസിക്ക് അവൻ കാണിച്ചത് ഇഷ്ടപ്പെട്ടില്ലെങ്കിലും ആനിയോട് അനുകമ്പയൊന്നുമില്ലായിരുന്നു. തന്റെ ചൊല്പടിക്കു നിൽക്കുമെന്നു കരുതിയാണ് താൻ നാട്ടിൽനിന്നൊരുത്തിയെ കണ്ടെത്തിയത്. ഇവിടെ വന്നു കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ അവൾ ആഗ്രഹം പറഞ്ഞിരിക്കുന്നു. ജോലി വേണം. വീട്ടുകാരെ സഹായിക്കണമെന്നൊക്കെ. അതോടെ തന്റെ പ്രതീക്ഷകൾ തെറ്റി. തന്റെ വാക്കുകൾ അനുസരിച്ച് തന്നോടൊപ്പം ചൊല്പടിക്ക് നിൽക്കുന്ന ഒരുവളായിരുന്നു മനസിൽ. ഒരുദ്യോഗസ്ഥയല്ല. അവളുടെ കുടുംബത്തിന് കടങ്ങളും ഭാരങ്ങളുമുണ്ടെങ്കിൽ തങ്ങൾ എന്തുപിഴച്ചു.

'നീ ഒരുത്തിയാ അവനെ വഷളാക്കുന്നത്.' ജോസ് മുഖത്തടിച്ചപോലെ ഗ്രേസിയോടു പറഞ്ഞു.

'ജോസ് ഇവിടെനിന്നു പോകുന്നുണ്ടോ എനിക്കു ദേഷ്യം വരുന്നു.' ജോസ് തൊഴുകൈയോടെ എഴുന്നേറ്റു.

'കൊച്ചമ്മ ദേഷ്യപ്പെടേണ്ട ഞാനങ്ങ് പോയേക്കാം'. മുരടനക്കി മുഖംവീർപ്പിച്ച് ജോസ് അകത്തേക്കു നടന്നു.

'നാട്ടിലായിരുന്നെങ്കിൽ അവന്റെ കരണക്കുറ്റിക്ക് ഒന്നു കൊടുത്തേനെ. പറയുന്നത് കേട്ടില്ലേ- ഗേൾഫ്രണ്ട് ആണുപോലും. കാമുകി കിടപ്പറയിൽ. ഭാര്യ പുറത്ത്.'

നല്ലതൊന്നും പറഞ്ഞാൽ അവന്റെ തലയിൽ കയറില്ല. വെളിവുണ്ടായിട്ടു വേണ്ടേ. എന്തു വൃത്തികേട് കാണിച്ചാലും അതുശരിവച്ചുകൊടുക്കാൻ ഒരമ്മ. ഇവരുരണ്ടുംകൂടി ഒരു പാവപ്പെട്ട പെണ്ണിന്റെ ജീവിതം തുലയ്ക്കും. ജീവിതത്തിൽ പട്ടിണിയും കഷ്ടപ്പാടുമറിയാതെ വളർന്നതിന്റെ കുഴപ്പമാണ്. ഒന്നിനും ഒരുകുറവുമില്ലല്ലോ. പണത്തിനു പണം. കാറിനു കാറ്. കൂടെ ആടിപ്പാടാനും ലഹരി നുണയാനും സുന്ദരിമാർ. തെറ്റിനെ ശരിയാക്കാനും ശരിയെ തെറ്റാക്കാനും മകനുപറ്റിയ ഒരമ്മ. എല്ലാം ചേരേണ്ടതുതന്നെ. മകൻ എന്തുചെയ്യുന്നു എന്നൊന്നും അമ്മയ്ക്കറിയേണ്ട. അതവളുടെയും കുറ്റമല്ല. നേരത്തെ വഴിതെറ്റിയവർ എങ്ങനെ വഴികാട്ടി മുമ്പേ പറക്കും.

പാവം ആനിമോൾ. എത്ര പ്രതീക്ഷയോടെയാകും ആ കുട്ടി ഈ നാട്ടിലേക്ക് വന്നത്. വന്നപ്പോഴുണ്ടായിരുന്ന മുഖത്തെ തെളിച്ചമൊന്നും ഇപ്പോഴില്ല. ഏതു ഭാര്യയാണ് സ്വന്തം ഭർത്താവു കാണിച്ചു കൂട്ടുന്ന ഇത്തരം പേക്കൂത്തുകൾ പൊറുക്കുക. സ്വന്തം ഭാര്യയുടെ മുമ്പിൽ വെള്ളത്തൊലിയുള്ള കാമുകിയെ ചുംബിക്കുന്ന ഭർത്താവ്. എന്തുപറഞ്ഞാണ് ആ കുട്ടിയെ സമാധാനിപ്പിക്കുക.

ഉത്തരം കിട്ടാത്ത ഒരു നൂറുചോദ്യങ്ങൾ ജോസിന്റെ വിഷമിപ്പിച്ചു. ആനിയെപ്പോലുള്ള ഒരു പെൺകുട്ടിയെ ഇവൻ ഏഴുജന്മം തപസിരുന്നാൽ കിട്ടില്ല. ഇങ്ങനെപ്പോയാൽ എന്താവും ഇവന്റെയന്ത്യം. ജോസ് ചിന്തകളിലൂടെ ലക്ഷ്യമില്ലാതെ അലഞ്ഞു.

ജോസ് ദേഷ്യപ്പെട്ടു പോയതിൽ ഗ്രേസി അസ്വസ്ഥയായിരന്നു.

'യുവർ പപ്പാ ഈസ് അപ്സറ്റ്. ഡോൺട്വറി ഡിയർ.'

ഗ്രേസി ജസ്റ്റിന്റെ മുടികളിലൂടെ വിരലോടിച്ചു.

'പപ്പാ... ഐ ഡോൺട് കെയർ.'

ഇതൊന്നും തന്നെ സംബന്ധിക്കുന്നതല്ലെന്ന മട്ടായിരുന്നു ജസ്റ്റിന്.

'ഐ വിൽ ബി വിത് യു ഡിയർ ബി ഹാപ്പി-' ഗ്രേസി പറഞ്ഞു.

'താങ്ക്യൂ മമ്മാ.' ഗ്രേസിയുടെ കവിളിൽ ചുംബിച്ചിട്ട് ജസ്റ്റിൻ മുറിക്കുള്ളിലേക്കു പോയി.

ജസ്റ്റിൻ അപ്പുറത്തെ മുറിയിലേക്കു പോകുന്നത് ആനി കണ്ടു. താൻ ഇവിടെയുണ്ടെന്നറിയാമായിരുന്നിട്ടും ഒന്നു

ശ്രദ്ധിച്ചുപോലുമില്ല.

വല്ലാത്ത വീർപ്പുമുട്ടൽ. ആനിക്ക് അപ്പനെ ഓർമ വന്നു. മകൾ രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും നാട്ടിൽ സുഖസൗകര്യങ്ങളോടെ കഴിയുന്നതിൽ സന്തോഷിക്കുന്ന ഒരച്ഛൻ. അമ്മ ചെറുപ്പത്തിലേ മരിച്ചതിനുശേഷം കൂടപ്പിറപ്പുകൾക്ക് ചേച്ചിയമ്മയായിരുന്നു താൻ. അപ്പനായിരുന്നു തന്റെ വഴികാട്ടി. അപ്പന്റെ ഉപദേശങ്ങളിലൂടെ മാത്രമേ നടന്നിട്ടുള്ളൂ. വഴിവിട്ടുള്ള ഒരു നോട്ടംപോലുമുണ്ടായിട്ടില്ല. കൗമാരത്തിന്റെ സ്വപ്നങ്ങളിലൊക്കെ പൊടിമീശവച്ച സുന്ദരന്മാരല്ലായിരുന്നു. വീട്ടിലെ അരപ്പട്ടിണിയും മുഴുപ്പട്ടിണിയും മാറ്റാനൊരു ജോലി ആഗ്രഹങ്ങളൊക്കെയും അതുമാത്രമായിരുന്നു. ഇതൊന്നും ആരുമറിയേണ്ട. മകൾ രാജാക്കന്മാരുടെ നാട്ടിൽ രാജകുമാരിയായി ജീവിക്കുന്നുവെന്ന അപ്പന്റെ സ്വപ്നക്കാഴ്ച തകർക്കേണ്ട.

മുറിക്കു പുറത്ത് കാൽപെരുമാറ്റം കേട്ടു. ജസ്റ്റിനായിരിക്കുമോ? ആനി പിടഞ്ഞെഴുന്നേറ്റു. പപ്പയായിരുന്നു.

അവളുടെ കരഞ്ഞുവീർത്ത കണ്ണുകളിൽ നോക്കി ഒരുനിമിഷം ജോസ് നിന്നു. പിന്നെ പിന്തിരിഞ്ഞ് നടക്കാൻ തുടങ്ങിയപ്പോൾ സങ്കടംനിറഞ്ഞ ഇടർച്ചയോടെ ആനി ജോസിനെ വിളിച്ചു.

'പപ്പാ എനിക്കൊരു കാര്യം പറയാനുണ്ട്.'

'എന്താ മോളേ.'

ജോസ് നിന്നു. ഒന്നുമടിച്ച് തിരിഞ്ഞ് അവളുടെ മുഖത്തേക്കു നോക്കി.

ചുണ്ടുകളിൽ തടഞ്ഞ വാക്കുകൾ പുറത്തേക്കു വന്നു.

'പപ്പാ– എനിക്ക്.... എനിക്ക് നാട്ടിൽ പോകണം. എനിക്കീ നാടും ഈ ബന്ധവും വേണ്ട.'

ഒരേങ്ങലോടെ ആനി കട്ടിലിലേക്കു വീണു.

(തുടരും.......)